# ഉള്ളടക്കം


29 മണിപ്രവാള സാഹിത്യം . . . . . . . . . . . . . . . . . 1
1 മഴമംഗലത്തിന്റെ മണിപ്രവാളചമ്പുക്കൾ 2
2 നൈഷധം . . . . . . . . . . . . . . . 3
3 ചില പദ്യഗദ്യങ്ങൾ . . . . . . . . . . 4
4 ഫലിതം . . . . . . . . . . . . . . . . 5
5 രാജരത്നാവലീയം ഇതിവൃത്തം . . . . 6
6 കവിതാരീതി . . . . . . . . . . . . . 7
7 ബാണയുദ്ധം . . . . . . . . . . . . . 8
8 കൊടിയവിരഹം . . . . . . . . . . . 9
9 ബ്രാഹ്മണിപ്പാട്ടുകൾ . . . . . . . . . 10
10 കൊച്ചി രാമവർമ്മമഹാരാജാവ് . . . 11
11 നീലകണ്ഠൻനമ്പൂരി . . . . . . . . . . 12
12 ചെല്ലൂരനാഥോദയം . . . . . . . . . 13
13 മറ്റു ഭാഷാചമ്പുക്കൾ . . . . . . . . . 14
14 കല്യാണസൗഗന്ധികം . . . . . . . . 15
15 ഇതര ചമ്പുക്കൾ . . . . . . . . . . . 16
16 ചമ്പൂകാരന്മാരുടെ സിദ്ധികൾ . . . . 17
17 ഭാഷാദണ്ഡകങ്ങൾ, ലക്ഷണം . . . . 18
18 ചമ്പുക്കളിലെ ദണ്ഡകം . . . . . . . . 19
19 ഭരതവാക്യം, ഇതിവൃത്തം . . . . . . 20
20 ഭരതവാക്യത്തിന്റെ സ്വരൂപം . . . . . 21
21 പൂന്താനം നമ്പൂതിരി . . . . . . . . . 22
22 മണിപ്രവാളവൃത്തശാസ്ത്രം . . . . . . 23
23 മഴമംഗലത്തു ശങ്കരൻനമ്പൂരി . . . . . 24
24 മുഹൂർത്തപദവീ ബാലശങ്കരം . . . . . 25
25 ലഘുഭാസ്ക്കരീയവ്യാഖ്യ ബാലശങ്കരം 26
26 പഞ്ചബോധം ബാലശങ്കരം . . . . . 27
27 ചന്ദ്രഗണിതക്രമം . . . . . . . . . . . 28
28 ഭാഷാസംഗ്രഹം . . . . . . . . . . . 29
29 പ്രശ്നസാരം . . . . . . . . . . . . . 30
30 ജാതകക്രമം . . . . . . . . . . . . . 31
31 ജാതകസാരം . . . . . . . . . . . . 32
32 കരണസാരക്രിയാക്രമം . . . . . . . 33
33 ഈഞ്ചക്കഴ്വാ മാധവൻനമ്പൂരി . . . . 34
34 ദൃക്കരണം . . . . . . . . . . . . . . 35
35 കണക്കുസംബന്ധിച്ച മണിപ്രവാളകൃതികൾ 3
36 കണക്കുസാരം . . . . . . . . . . . . 37

## 18 ചമ്പുക്കളിലെ ദണ്ഡകം

ഒരു ദണ്ഡകമെങ്കിലും ഇല്ലാത്ത ചമ്പുക്കൾ ചുരുക്കമാണ്. രാമായണത്തിൽ പുനം, വരണമണ്ഡപപ്രവിഷ്ടയായ സീതാദേവിയുടെ സൗന്ദര്യത്തെ വർണ്ണിക്കുന്ന

> “അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസ-
> മുല്ലാസിഗണ്ഡമലർമാലം;
> അല്ലൽപെട്ടു മതികലയെ വെല്ലുമൊരു നിടിലതട-
> ഫുല്ലമൃഗമദതിലകബാലം;
> അലർബാണവീരനെറി വിളയാട്ടുമോമൽമിഴി-
> കലകൊണ്ടു കണ്ണിനനുകൂലം;
> അലമമലകുഴയിണയിൽ വിലസുമണിമണിരുചിഭി-
> രൊളിവിളയുമനുപമകപോലം”

ഇത്യാദിയായ ഇക്ഷുദണ്ഡികാദണ്ഡകം സുപ്രസിദ്ധമാണല്ലോ. ആ ദണ്ഡകത്തിലെ പ്രഥമപാദം മാത്രമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. താഴെക്കാണുന്ന വംശയഷ്ടികാദണ്ഡകം നീലകണ്ഠകവിയുടെ ചെല്ലൂരനാഥോദയത്തെ അലങ്കരിക്കുന്നു:

> “ഭൂമീസുരാ ദധതി സീമാതിവൃത്തമൊരു
> ഭൂമാനമാമധുരഭീമാഃ;
> പുകൾപെരിയ കൗമാ-രകവയസി മാമാ! -
> മികവൊടൊരു മതിമഹിമ തടവി മുഹുരതിവിമല-
> മഖിലജനനയനപുടസോമാഃ; (1)
> സാവിത്രിയാമൊരു സവിത്ര്യാം പിറന്നു പുന-
> രാബദ്ധചാരുഗുരുസേവാഃ;
> സവിതൃസമശോഭാ-ശ്ശിവനിയതഭാവാ-
> ദിവസമനു നിയമമയജലധികളിലനുകലിത-
> പരമകിടിപരിവൃഢവിഭാവാഃ; (2)
> സാഹിത്യതന്ത്രകൃതഗാഹക്രമാ മഹിത-
> ഗാർഹസ്ഥ്യമാർന്നു ചരിതാർത്ഥാഃ;
> സുകൃതഗുണജൈത്രാ-സ്സുഖവിദിതശാസ്ത്രാഃ-
> സുവിരചിതധരണിസുരവിബുധപിതൃപരിചരണ-
> മുദിതതരശുഭതനയപൗത്രാഃ; (3)
> പാലാഴിചാരുപുകൾമാലാമയം കലിത-
> ലീലം പ്രപൂര്യ ജഗദന്തേ,
> പല വചനബന്ധേ – ഫലവിഭവമെന്തേ? -,
> നലമുടയ ധരണിസുരകുലപതികളവരതുല-
> ഗുണഗരിമ തടവി വിജയന്തേ.” (4)

### മറ്റു ദണ്ഡകങ്ങൾ

ഏഴു മുതൽ ഒൻപതു വരെ ശതകങ്ങളിലെ മണിപ്രവാളകവികൾ മുക്തകങ്ങൾ എന്ന നിലയിലും ദണ്ഡകങ്ങൾ നിർമ്മിച്ചുവന്നിരുന്നു. അവ പ്രായേണ ശൃംഗാരരസപ്രധാനങ്ങളും ഭക്തിഭാവപ്രധാനങ്ങളുമാണ്. രണ്ടുതരത്തിലുള്ള ദണ്ഡകങ്ങൾക്കും ഓരോ ഉദാഹരണങ്ങൾ ഉദ്ധരിക്കാം. രണ്ടും ഏഴാം ശതകത്തിലേയോ എട്ടാം ശതകത്തിലേയോ കൃതികളായിരിക്കുവാൻ ന്യായമുണ്ട്.

1 നായികാനുനയം:

> “പൈന്തേനുതിർന്ന മൊഴി! സന്താപവൻകടലിൽ
> വെന്തീടുമെന്നെ വെടിയാതേ!
> പന്തണിയുമണിമുലയിലും തുടകളതിലുമുട-
> നിന്ദുമുഖി വിറയൽ കലരാതേ!
> പടതല്ലി മുല്ലമലർചരവില്ലേ വെല്ലുമൊരു
> കുനുചില്ലിവല്ലി കുലയാതേ!
> പരുഷമുരുകലുഷതയിൽ മുഴുകുമണിമിഴിമുനയി-
> ലൊരു വിഷമഗതികൾ തുടരാതേ! (1)
> വിശ്വാഭിരാമമുഖി! നിശ്വാസപാതമിത-
> വിശ്രാന്തമെന്തിനുതിരുന്നൂ?
> വിശ്വസിഹി മയി പര, മവിശ്രമമിതണിമുലയി-
> ലശ്രു ബത! കിമിതി ചിതറുന്നൂ?
> വിമലം കപോലഭുവി കമലം തൊഴുന്ന മുഖി!
> കിമു ഘർമ്മബിന്ദു കലരുന്നൂ?
> വിവശതയൊടഗതിയിത! മയി സുദതി കലഹമിഹ
> കളവതിനു പലതരമിരന്നൂ. (2)
> വെൺതിങ്കളുണ്ടു നെറി ചിന്തും മഹേന്ദ്രദിശി
> ചന്തം കലർന്നു നിവിരുന്നൂ;
> വെന്തുരുകുമുടലിനുടനന്തകനുമലർചരനു-
> മന്തിയുമിതൊരുമ കലരുന്നൂ;
> വെരുളും വിയോഗിജനമിരുളുംപ്രകാരമൊരു
> കുളിർവെണ്ണിലാവിത വരുന്നൂ;
> വെളിറുമൊരു കുമുദമലർമധു പെരുകി മദമിളകി
> മധുരതരമളികൾ മുരളുന്നൂ. (3)
> നിന്നാണെ വെള്ളയിലമർന്നോമലേ ബത! പു-
> ണർന്നീല ഞാനപരവാമാം;
> നിന്നരികിലായി സുമുഖി! വന്നിനിയ കുളുർമുലയി-
> ലൊന്നു മമ കിമപി പുണരാമോ?
> നിതരാമണഞ്ഞു പുനരധരാമൃതം ഭുവന-
> മധുരാംഗി! ഹന്ത! നുകരാമോ?”
> … … … … … (4)

2 ഗുരുവായൂരപ്പൻ:

> “നീരാൽ നനഞ്ഞുപരി ധാരാധരങ്ങളൊടു
> പോരാടി വെന്ന കചഭാരം;
> നീരുരുഹമുഴമതികൾ നേരിടുകിലഴൽ പെരുകി
> നീറുമണിവദനരുചിപൂരം;
> നിറമാർന്ന ഭൃംഗനിര നെറി മാഞ്ഞു കൈതൊഴുത
> തരളാളകാകുലമുദാരം;
> നിരതിശയകരുണ തകുമിരുൾനയനയുഗവിഹിത-
> ശശിമിഹിരഗുരുമഹിമസാരം. (1)
> വാരാർന്ന രത്നചയസാരാഭകുണ്ഡലരു-
> ചാത്യുഢനിർമ്മലകപോലം;
> വാരിധരപടുനിനദധീരതരമധുരവച-
> നാരചിതശിഖിനടനലീലം;
> വിരളസ്മിതോല്ലസിതതരളാധരം മൃദുല-
> മുരളീനിനാദമതിവേലം;
> വരദരവുമരിയുമൊരു സരസിജവുമുരുഗദയു-
> മിയലുമൊരു കരതലവിലോലം.
> … … … … … (2)
> നാരായണാച്യുത കൃപാരാമമേ കരുവ-
> യൂരമ്പുമുമ്പർപെരുമാളേ!
> നാരദനു മനസി നിജസാരതരസുഖവിഭവ-
> പൂരമതുമരുളുവതിനാളേ!
> നരനായ്പ്പിറന്നു തവ ചരണാർച്ചനം തടവി
> മരുവുന്നതെൻമനസി കോളേ!
> നരകഭയമരുതരുതു സുരപുരിയുമൊരുപൊഴുതു
> ജനിമരണമറുക വഴിപോലേ.” (3)

ഓരോ പാദത്തിലുമുള്ള നാലു ഖണ്ഡങ്ങളിലും അന്ത്യപ്രാസം ഘടിപ്പിക്കുന്നത് അക്കാലത്തേ കവികൾ ആകർഷകതാധായകമെന്നു കരുതിയിരുന്നു എന്നു മേലുദ്ധരിച്ച വരികൾ ജ്ഞാപകമാണ്. സംസ്കൃതത്തിലോ തമിഴിലോ ഇത്തരത്തിൽ ദണ്ഡകങ്ങളില്ലാത്തതുകൊണ്ട് ഇതിനെ ഭാഷാസാഹിത്യത്തിന്റെ പ്രാചീനങ്ങളായ പ്രത്യേക സ്വത്തുക്കളിൽ ഒന്നായി പരിഗണിക്കാവുന്നതാണെന്നു ഞാൻ മുമ്പുതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. ഉണ്ണിയാടിചരിതത്തിൽപ്പോലും ഇക്ഷുദണ്ഡികക്കു പ്രവേശം നല്കിക്കാണുന്നുണ്ടല്ലോ. ബഹുമൂല്യമായ ഒരു സ്വത്താണ് ഇതെന്നു സാഹിത്യമർമ്മജ്ഞന്മാർ അഭിമാനിക്കുന്നതും അയുക്തരൂപമല്ല.

